# Electrical Installation

ജില്ലാ തലത്തിൽ നടക്കുന്ന മത്സരങ്ങളിൽ Electrical Installation മേഖലയിലെ അടിസ്ഥാനപരമായ വയറിംഗ്, അസ്സംബ്ലിംഗ്, വയറിംഗ് സാമഗ്രികളുടെ ഫിറ്റിംഗ് എന്നിവയും യിലും ലേഔട്ട്, സ്കിൽമാറ്റിക് ഡയഗ്രം എന്നിവ അടിസ്ഥാനമാക്കി വയറിംഗ് ചെയ്യുവാനും മത്സരാർത്ഥികളെ കണ്ടെത്തുകയാണ് ലക്ഷ്യം. ഇതിനായി ജില്ലാ തലത്തിൽ ഒരു ലേഔട്ട്, സ്കിമാറ്റിക് ഡയഗ്രം എന്നിവ ഉപയോഗപ്പെടുത്തി നിശ്ചിത സമയത്തിനുള്ളിൽ വയറിംഗ് പൂർത്തിയാക്കി ടെസ്റ്റ് ചെയ്ത് കാണിക്കേണ്ടതുണ്ട്. ആയതിൽ സമയം, ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്ന രീതി, പൂർണ്ണത, മെറ്റീരിയൽസ് നഷ്ടപ്പെടുത്താതെയുള്ള ഉപയോഗം, കൃത്യമായ പ്രവർത്തനം, ഇൻസുലേറ്റിൻ കണ്ടിന്യൂയിറ്റി, പൊളാരിറ്റി, കളർകോഡ് വൈദഗ്ധ്യം ആണ് പരിശോധിക്കപ്പെടും. മത്സരാർത്ഥികൾ ഒരു നിശ്ചിത സമയത്തിനുള്ളിൽ അവർക്ക് നൽകിയിട്ടുള്ള വർക്ക് അതിന്റെ ശരിയായ ക്രമത്തിൽ പൂർത്തീകരിക്കേണ്ടതാണ്. മത്സരത്തിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള പ്രവർത്തനങ്ങൾ നീരീക്ഷിക്കുന്നതായിരിക്കും. കൂടാതെ മത്സരാർത്ഥികൾ മത്സരം ആരംഭിച്ച് തീരുന്നതുവരെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതായിരിക്കും.

മേഖല, സംസ്ഥാന തല മത്സരങ്ങളിൽ ജില്ലാതല മത്സരത്തിനുള്ള നിർദ്ദേശങ്ങൾക്ക് പുറമെ പ്രൊഫഷണലായി ഗാർഹിക വ്യാവസായിക വയറിംഗിലും മോട്ടോർ കൺട്രോളിംഗിലും ഉള്ള വൈദഗ്ധ്യം തെളിയിക്കുന്ന രീതിയിലായിരിക്കും മത്സരം. മേഖലാ സംസ്ഥാന തല മത്സരങ്ങളുടെ സമയ ദൈർഘ്യം 8 മണിക്കൂർ ആയിരിക്കും. മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ വൈദഗ്ധ്യത്തിനു പുറമെ മത്സരാർത്ഥിയുടെ മനോഭാവം, സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കൽ, വർക്ക് ഷോപ്പിലെ പെരുമാറ്റം, ടൂൾസ്, ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്ന രീതി എന്നിവ നിരീക്ഷിക്കുന്നതായിരിക്കും.

ആർ.വി 08.03.18